# കൂട്ടായ്മ വിരുന്ന്

സെപ്തംബർ - ഒക്ടോബർ 2017



## സ്നേഹക്കൂട്ടായ്മയുടെ ഓണാശംസകൾ

**Department of Family Units and Parish Renewal**
(Archdiocese of Ernakulam - Angamaly)
Renewal Centre Kaloor, Kochi - 682017
Ph: 0484 - 2338151, 9387074502
**www.familyunitsekm.com**


ജപമാലരാജ്ഞീ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...

മുഖക്കുറിപ്പ്

# ജനപ്രിയത

ധനമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞാൽ മാധ്യമവിലയിരുത്തലിൽ പ്രധാനവിഷയം അത് ജനപ്രിയമാണോ എന്നുള്ളതാണ്. ചലച്ചിത്ര അഭിനേതാക്കൾ റേറ്റിംഗ് നേടുന്നത് അവർ ജനപ്രിയ നായിക/നായകൻമാർ ആണോ എന്നു വിലയിരുത്തിയാണ്. ചാനലുകളുടെ റേറ്റിംഗ് കൂടുന്നത് ജനപ്രിയത വർധിച്ചോ എന്നതിനെ ആധാരമാക്കിയാണ്. വിവിധ സർക്കാരുകൾ ഭരണത്തിലേറുമ്പോഴും ശ്രമിക്കുന്നത് ജനപ്രിയത വർദ്ധിപ്പിക്കാനാണ്. എന്തിനേറെപ്പറയുന്നു, വികാരിയച്ചൻമാർ പോലും പലപ്പോഴും വിലയിരുത്തപ്പെടുന്നത് അവർ ജനപ്രിയരാണോ എന്നു വിലയിരുത്തിക്കൊണ്ടാണ്. ജനപ്രിയത എല്ലാ തലങ്ങളിലും അളവുകോൽ ആകുന്നു. ഇതിന്റെയൊക്കെ ഫലമായി മേല്പറഞ്ഞ ഗണത്തിൽപ്പെട്ടവരെല്ലാം ജനപ്രിയവ്യഗ്രതയിൽ ആണ്ടുപോകുന്നുമുണ്ട്. എങ്ങനെയും ജനത്തിന്റെ സംപ്രീതിക്കു പാത്രീഭൂതരാവുക എന്ന പ്രലോഭനം. എന്നാൽ ഈ വ്യഗ്രതയിൽ ഗൗരവമായ പലതും മറന്നുപോകുന്നു എന്നുള്ളതു ഒരു വസ്തുതയാണ്.

ജനപ്രിയത ആണോ എല്ലാറ്റിന്റെയും അളവുകോൽ എന്നതു നാം ചർച്ചക്കു വിഷയമാക്കേണ്ടതാണ്. ഇത്തരുണത്തിൽ ക്രിസ്തുവിന്റെ ശൈലി എന്തായിരുന്നു എന്നതു പരിശോധിക്കുന്നത് ഉചിതമായിരിക്കും. ക്രിസ്തു ഒരു ജനപ്രിയസുവിശേഷപ്രഘോഷണം നടത്തിയതായി കാണുന്നില്ല. അങ്ങനെ നടത്താതിരുന്നതാണ് ഒരുപക്ഷേ കുരിശുമരണത്തിനു കാരണമായതും. യേശു ജനപ്രിയനാകാൻ ശ്രമിച്ചിരുന്നെങ്കിൽ ഫരിസേയരുടെയും, ചുങ്കക്കാരുടെയും കാപട്യത്തെ തുറന്നുകാട്ടില്ലായിരുന്നു. ഹേറോദേസിനെ കുറുക്കൻ എന്നു സംബോധന ചെയ്യില്ലായിരുന്നു. ക്രിസ്തു ജനപ്രിയത അല്ല മാനദണ്ഡം ആക്കിയത്, തന്നെ ഭൂമിയിലേക്കയച്ച തന്റെ പിതാവിന്റെ പ്രിയമാണ്. ഒരുപക്ഷേ ക്രിസ്തുവിനു തന്റെ പിതാവിന്റെ ഇഷ്ടത്തിനു വിധേയമാകാതെ കുരിശുമരണത്തിൽ നിന്നു ഒഴിഞ്ഞുമാറി ഒരു ജനകീയ നേതാവായി ഇസ്രായേൽ ജനത്തെ ഭരിക്കാമായിരുന്നു. ഫരിസേയർക്കും, നിയമജ്ഞർക്കും, ഹേറോദേസിനും ഇമ്പകരമായ ഒരു ജനപ്രിയസുവിശേഷം പ്രഘോഷിക്കാമായിരുന്നു. എന്നാൽ ക്രിസ്തു ആ പ്രലോഭനത്തിനു വഴങ്ങിയില്ല.

ജനപ്രിയത എന്നതു അതിൽ തന്നെ തെറ്റല്ല. കാരണം വ്യക്തിയേയും, വ്യക്തിയുടെ പ്രവർത്തനങ്ങളെയും ജനങ്ങൾ ഇഷ്ടപ്പെടുക എന്നതു സ്വാഭാവികമാണ്. എന്നാൽ വ്യക്തിയുടെ വ്യക്തിത്വവും, വ്യക്തിയുടെ പ്രവർത്തനങ്ങളും ജനപ്രിയതയുടെ വ്യഗ്രതയിൽ ആണ്ടു പോയാൽ ചെയ്യുന്ന പ്രവൃത്തിയുടെ ഉദ്ദേശ്യശുദ്ധി നഷ്ടമാകും. എല്ലാറ്റിന്റെയും വസ്തുനിഷ്ഠത ഇല്ലാതാകും. ഭൂരിപക്ഷത്തിന്റെ അഭിപ്രായം എല്ലായ്പ്പോഴും ശരിയാകണമെന്നില്ലല്ലോ. ഇൻഡ്യൻ പാർലമെന്റിന്റെ ലോകസഭയിലും, രാജ്യസഭയിലും ഭൂരിപക്ഷം കിട്ടിക്കഴിഞ്ഞാൽ ഏതു നിയമവും തിരുത്തിയെഴുതാം. അങ്ങനെ ഭൂരിപക്ഷം ലഭിക്കുകയും, ഭാരതം ഒരു ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിച്ചുകൊണ്ട് മോദിസർക്കാർ ഭരണഘടന തിരുത്തുകയും ചെയ്താൽ അതു വസ്തുതാവിരുദ്ധമാകില്ലേ? അതിനെ അംഗീകരിക്കാൻ മതേതരരാഷ്ട്രമായ ഭാരതത്തിനാവുമോ? ഇല്ല എന്നു തന്നെ ഉത്തരം. അപകടകരമായ കരിമരുന്നു പ്രകടനങ്ങൾ നടത്തി തിരുനാളുകൾ ജനപ്രിയമാക്കേണ്ട ആവശ്യകതയും ഇല്ലല്ലോ. വലിയ സദ്യ നടത്തി ജനപ്രിയത വർദ്ധിപ്പിച്ചു ആൾക്കൂട്ടത്തെ ആകർഷിക്കുന്നതല്ല ആത്മീയതയുടെ അളവുകോൽ എന്നും നമുക്കറിയാം.

ജനപ്രിയത വർദ്ധിപ്പിക്കാനുള്ള പൊടിക്കൈകൾ പലതുണ്ട്. പബ്ലിസിറ്റി ഇതിലൊന്നാണ്. സോഷ്യൽ മീഡിയയിലൂടെയുള്ള പ്രചരണവും, ഫ്ളക്സ് ബോർഡ് പ്രഖ്യാപനങ്ങളും ഇവയിൽ ചിലതു മാത്രം. ഇതിനു വേണ്ടി തന്നെ പ്രവർത്തിക്കുന്ന ഇവന്റ് മാനേജ്മെന്റ് ടീമുകളുമുണ്ടത്രെ. മറ്റൊന്ന്, ജനപ്രിയകാര്യങ്ങൾ മാത്രം നടപ്പിലാക്കുക. പക്ഷേ, ഇവിടെ അത്യാവശ്യക്കാർ തഴയപ്പെട്ടേക്കാം. ജനപ്രിയതയെ മാത്രം ആശ്രയിച്ചു പ്രവർത്തിക്കുന്നവർ പലപ്പോഴും സ്വന്തം ഇമേജ് സൂക്ഷിപ്പുകാർ ആയിരിക്കും. തന്റെ ഇമേജിനു കോട്ടം തട്ടുന്ന ഒരു കാര്യത്തിലും അവർ വ്യാപൃതരാകില്ല. മറ്റൊന്നു, പൊടുന്നനെ ഫലം കിട്ടുന്നു എന്നു തോന്നലുളവാക്കുന്ന കാര്യങ്ങൾ ചെയ്യുക എന്നതാണ്. (കോർപറേറ്റുകളുടെ ബിസിനസ് തന്ത്രം).

ജനപ്രിയതയുടെ പ്രലോഭനം കുടുംബകൂട്ടായ്മപ്രവർത്തനങ്ങളിലും കടന്നു വന്നേക്കാം. നമ്മുടെ പ്രവർത്തനങ്ങളിൽ ചിലപ്പോൾ ദൈവത്തിന്റെ ഹിതം തിരസ്കരിക്കുകയും ജനപ്രിയതയുടെ വഴികൾ തേടുകയും ചെയ്തേക്കാം. ആ പ്രലോഭനത്തിൽ വീഴാതെ വസ്തുനിഷ്ഠമായ പ്രവർത്തനങ്ങളിലൂടെ നമുക്കു ഹൃദ്യരാകാം.

ഏവർക്കും തിരുവോണാശംസകൾ...

**സണ്ണിയച്ചൻ**

റവ. ഫാ. ജോസഫ് മണവാളൻ

# മുദ്ര പേറുന്നവർ...

(മത്താ. 22:15-22)

മത്തായിയുടെ വിവരണമനുസരിച്ച് സംഭവബഹുലമായിരുന്നു യേശുവിന്റെ ഭൂമിയിലെ അവസാന ദിനങ്ങൾ. ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനം, ദേവാലയ ശുദ്ധീകരണം എന്നിവയ്ക്കുശേഷ മുള്ള സംഭവമാണ് ഈ സുവിശേഷത്തിന്റെ പശ്ചാത്തലം. അത്തിവൃ ക്ഷത്തെ ശപിക്കുന്നതിനുശേഷമുള്ള 'അധികാരത്തെ'പ്പറ്റിയുള്ള തർക്ക ത്തിൽ മൂന്ന് ഉപമകൾ ഉപയോഗിച്ചാണ് യേശു തന്റെ എതിരാളികളെ നിശബ്ദരാക്കുന്നത് (21:28-32; 33-46; 22:1-14). യേശുവിനോടുള്ള ശത്രു ത വർദ്ധിക്കുവാൻ ഇതെല്ലാം കാരണമാകുന്നു. ഈ പശ്ചാത്തലത്തിൽ യേശുവിനെ ഏതെങ്കിലും രീതിയിൽ കുടുക്കുക എന്ന ലക്ഷ്യവുമായി ട്ടാണ് ഈ വചനഭാഗത്ത് നാം കാണുന്ന ഫരിസേയർ. അവർ കൂട്ടു ചേരുന്നതാകട്ടെ അവരുടെ തന്നെ എതിരാളികളായ ഹേറോദേസ് പക്ഷക്കാരോടും! യേശുവിനോടുള്ള എതിർപ്പിന്റെയും ശത്രുതയുടെ യും ആഴം ഈ സംഭവം വ്യക്തമാക്കുന്നു.

## വ്യാഖ്യാനം

**ഗൂഢാലോചന ഹേറോദേസ് പക്ഷക്കാരോടൊത്ത്:** സാധാരണയായി അധികാരത്തെപ്പറ്റിയും, മിശിഹായെപ്പറ്റിയുമാണ് യേശുവും എതിരാളി കളുമായി തർക്കം നടന്നിരുന്നതെങ്കിൽ, രാഷ്ട്രീയപരമായൊരു മാന മാണ് ഈ വചനഭാഗത്തിലെ തർക്കത്തിനുള്ളത്. ഇത്തരമൊരു സ്വഭാ വമുള്ളതുകൊണ്ടുമാത്രമാണ് സ്വതവെ എതിരാളികളായ ഹേറോദിയ പക്ഷക്കാരെപ്പോലും അവർ കൂട്ടുപിടിക്കുന്നത്.

ഈ രണ്ടുകൂട്ടരും എതിർചേരികളിലാകാൻ കാരണം റോമൻ അധിനി വേശ ഭരണമാണ്. ഫരിസേയർ റോമൻ അധിനിവേശത്തെ എതിർക്കു മ്പോൾ ഹേറോദേസ് പക്ഷക്കാരാകട്ടെ അവരെ അനുകൂലിക്കുന്നു. റോമക്കാർ ഹേറോദേസ് എന്ന പാവ രാജാവിനെ വാഴിച്ചാണ് ഭരണം നടത്തിയിരുന്നത്. ഇത്തരത്തിൽ യഹൂദരെ ഭരിച്ച ഹേറോദേസിനെ അനുകൂലിക്കുന്നവരാണ് ഹേറോദേസ് പക്ഷക്കാർ.

**നീ സത്യവാനും നിർഭയനും:** തങ്ങളുടെ കാപട്യത്തെ മറയ്ക്കുവാൻ തങ്ങളുടെ മുഖസ്തുതിക്കു സാധിക്കും എന്ന് അവർ വിശ്വസിക്കുന്നു. അവരുടെ സ്തുതികളിൽ അടങ്ങിയിരിക്കുന്നത് പരിഹാസവും വഞ്ചന യുമാണെന്ന് ബുദ്ധിമാനായ ക്രിസ്തു എളുപ്പത്തിൽ തിരിച്ചറിയുന്നു.

**നികുതി സീസറിന്?:** ഏറെ കൗശലം നിറഞ്ഞതും അതുപോലെ പ്രത്യാഘാതമുള്ളതുമായ ചോദ്യമാണ് അവർ ഉന്നയിക്കുന്നത്. മറ്റൊ രർത്ഥത്തിൽ, നീ യഹൂദ ജനതയ്ക്കൊപ്പമാണോ അതോ റോമാചക്ര വർത്തിയുടെ പരമാധികാരത്തെ തള്ളിപ്പറയുന്നവനാണോ എന്നതാണ് ചോദ്യം. യഹൂദ ജനതയ്ക്കൊപ്പമാണെങ്കിൽ പരമാധികാരി സീസറല്ല, മറിച്ച് യഹോവയായ ദൈവമാണ്. "നിയമപരമായി..."എന്നതിനർത്ഥം- തോറ അനുസരിച്ച് എന്നതാണ്. ചുരുക്കത്തിൽ "വിജാതീയനായ ഒരു ചക്രവർത്തിയോട്, ദൈവത്തിന്റെ ജനം കൂറ് പുലർത്തുന്നത് അനുവ ദനീയമാണോ?" എന്നതാണ് ചോദ്യത്തിന്റെ കാതൽ.

പണ്ഡിതഭിപ്രായമനുസരിച്ച് യഥാക്രമം മൂന്ന് നികുതികളാണ് ഓരോ യഹൂദനും റോമാക്കാർക്ക് നല്കേണ്ടിയിരുന്നത്-തറ നികുതി (ground tax) അതായത്, എല്ലാ ധാന്യവിളകളുടെയും 10% വും വിത്ത്, എണ്ണ എന്നിവയുടെ 20% വും ആദായ നികുതി അതായത്, ഓരോരുത്തരു ടെയും വരുമാനത്തിന്റെ 2%; അവസാനമായി തലവരി നികുതി (poll tax) അതായത്, 14 മുതൽ 65 വയസ്സുവരെവയുള്ള പുരുഷന്മാരും 12 മു തൽ 65 വയസ്സുവരെയുള്ള എല്ലാ സ്ത്രീകളും വർഷത്തിൽ ഒരു ദെനാറ വീതം അടയ്ക്കണം (മത്താ. 17:24-27). ഈ വചനഭാഗത്തു യേശുവിന്റെ എതിരാളികൾ പ്രതിപാദിക്കുന്ന നികുതി തലവരി നികുതി ആയിരി ക്കണം. കാരണം, തലവരി അടയ്ക്കുന്നത് റോമിനു വിധേയപ്പെടുന്ന തിന്റെ ഏറ്റവും വലിയ തെളിവായിട്ടാണ് കണ്ടിരുന്നത്. ദൈവത്തെ പരിത്യജിച്ച് വിജാതീയർക്ക് അടിമകളാകുന്ന ഭീതിയായിട്ടാണ് അവർ അതിനെ വ്യാഖ്യാനിച്ചതും.

വിഷമവൃത്തത്തിലാക്കുന്ന ചോദ്യത്തിനുത്തരം ഇരുകൂട്ടരിൽ ആരുടെ യെങ്കിലും ശത്രുതക്കും തദ്വാര യേശുവിന്റെ ജീവൻ അപകടത്തിലു മാക്കുന്നതുമാണ്. നികുതി നിയമാനുസൃതമെന്ന് അവൻ പറഞ്ഞാൽ അവൻ യഹൂദജനതയ്ക്കെതിരും, നിയമാനുസൃതമല്ല എന്നു പറ ഞ്ഞാൽ സീസറിനു തന്നെ എതിരായി പ്രവർത്തിക്കുന്നവനുമാകും.

അങ്ങനെ അവനെ എളുപ്പത്തിൽ ബന്ധനസ്ഥനാക്കാം എന്നാണ് എതിരാളികൾ വ്യാമോഹിക്കുന്നത്.

**സീസറിനുള്ളത് സീസറിന്...**

റോമൻ നാണയങ്ങളിൽ സീസറിന്റെ മുദ്രയും രൂപവും ആലേഖനം ചെയ്തിരിക്കും. ഇത്തരം നാണയങ്ങൾ കൈവശം സൂക്ഷിക്കുന്നതും കൊണ്ടുനടക്കുന്നതും ദൈവദൂഷണമായിട്ടാണ് യഹൂദർ കരുതിയിരുന്നത്. കാരണം തന്നെതന്നെ ദൈവമാക്കി പ്രതിഷ്ഠിച്ചിട്ടുള്ള സീസറിന്റെ മുദ്രയും രൂപവുമാണ് അതിൽ ഉള്ളത്. ദേവാലയത്തിൽ നാണയമാറ്റക്കാർ സ്ഥാനം പിടിക്കുന്നത് ഇത്തരം നാണയങ്ങൾ മാറ്റിക്കൊടുക്കുവാൻ വേണ്ടിയായിരുന്നു (ഷെക്കൽ).

യേശു, ഇത്തരത്തിൽ വിശ്വാസം പുലർത്തുന്ന ഫരിസേയരോടാണ് ദെനാറ ആവശ്യപ്പെടുന്നതും അവർ അവന് നല്കുന്നതും.

യേശുവിന്റെ മറുപടി ശ്രദ്ധേയമാണ് “സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക.” (v. 21) അതായത് ദൈവരാജ്യം ഐഹീകമല്ല. കൂടാതെ, ഭൂമിയിലെ രാജാവിന് വിധേയനാകുമ്പോൾതന്നെ ദൈവരാജ്യത്തിന്റെ യഥാർത്ഥപൗരനാകാനും ഒരുവന് സാധിക്കും.

## വിചിന്തനം

**മുദ്ര പേറുന്നവർ നാം:** തിരക്കുള്ള ബസിലേക്ക് ഇടിച്ച് കയറുന്നതിനു മുമ്പ് “ടവ്വൽ” വച്ച് ബസിൽ സ്ഥലം പിടിച്ചിടുന്നവർ... സ്വന്തമാക്കിയ ഭൂമിക്കു ചുറ്റും മതിൽ കെട്ടി ഉടമസ്ഥാവകാസം മുദ്രവയ്ക്കുന്നത്... കൃഷി ഭൂമിയിൽ പാർട്ടിയുടെ കൊടി കുത്തി അധികാരം സ്ഥാപിക്കുന്നത്... മതിലുകൾ സ്വന്തം പരസ്യത്തിനായി “book” ചെയ്തിടുന്നത്. ഇവയെല്ലാം നിത്യജീവിതത്തിൽ നമുക്ക് ഏറെ സുപരിചിതമാണ്. കൂടാതെ സ്വന്തം ഒപ്പ്, മുദ്ര എന്നിവയെല്ലാം ആലേഖനം ചെയ്യുന്നതും ഇത്തരം ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന്റെയും, ഉത്തരവാദിത്വം കയ്യാളുന്നതിന്റെയും, വ്യക്തമായ തെളിവാണ്. ഇത്തരം ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ഭൗതികതലത്തിൽ മാത്രമേ സാധ്യമാകൂ.

ആത്യന്തികമായി, നാം ആരുടെതാണ്? ഇത്തരം ഒരു ചോദ്യം ഇത്തരു

ണത്തിൽ ഏറെ പ്രസക്തമാണ്. വസ്തുക്കളെ സ്വന്തമാക്കുന്നതുപോലെ മനുഷ്യനെ ആർക്കും സ്വന്തമാക്കുവാൻ സാധിക്കുകയില്ല. കാരണം, മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന സ്വാതന്ത്ര്യാവബോധം തന്നെ. അതിനാൽ ഒരു വ്യക്തിയുടേയും അധികാരം സ്ഥാപിക്കാനോ, ആ വ്യക്തിയെ ഒരുവന്റെ അധികാരഭാവത്തിന്റെ കീഴിൽ തളച്ചിടാനോ സാധ്യമല്ല. ഈ പശ്ചാത്തലത്തിൽ മറ്റുള്ളവരിൽനിന്നും നമുക്ക് ലഭിക്കുന്ന വിധേയത്വവും, ബഹുമാനാദരവുകളും അവർ നമ്മോടു ചെയ്യുന്ന ഔദാര്യമായിട്ടു തോന്നുന്നു!

Whom do we really belong to? വി. ബൈബിൾ നല്കുന്ന ഉത്തരം ശ്രദ്ധേയമാണ്. ഉൽപ. 1:26 ഇപ്രകാരം പ്രസ്താവിക്കുന്നു: “ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു.” ഇതിനർത്ഥം ദൈവം മനുഷ്യന്റെമേൽ തന്റെ ഉടമസ്ഥാവകാശത്തിന്റെ മുദ്ര പതിപ്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ നാം ദൈവത്തിന്റെതാണ്. ഈ മുദ്രയുടെ സ്വഭാവവും മാനവും ക്രിസ്തുവാണ് നമുക്കു വെളിപ്പെടുത്തുന്നത്. നാം അവിടുത്തെ പുത്രീപുത്രന്മാരും അവകാശികളുമാണ്. ദൈവത്തിനു സ്വന്തമായിട്ടുള്ളവരുടെ കൂട്ടായ്മയാണ് സഭ. ഈ സഭ പുലർത്തേണ്ടതാകട്ടെ ക്രിസ്തുവിന്റെ, സഹജമായ ദാസ്യമനോഭാവവും.

**ഇരട്ടപൗരത്വം :** ഇരട്ടപൗരത്വം കയ്യാളുന്നവരാണ് നാം ഓരോരുത്തരും - സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും! ഈ രണ്ടു പൗരത്വവും നമ്മിൽ സംഭവിക്കേണ്ട ക്രമാനുഗതമായ വളർച്ചയാണ് സൂചിപ്പിക്കുക. അധിവസിക്കുന്ന രാഷ്ട്രത്തിന്റെ നിയമവും സംവിധാനങ്ങളും അനുസരിക്കുവാനും ബഹുമാനിക്കാനും നമുക്ക് ഗൗരവമായ കടമയുണ്ട്. പരിസ്ഥിതി സംരക്ഷണം, സുരക്ഷാനിയമങ്ങളും മറ്റും വ്യക്തമായി പാലിക്കുന്നത്, പരിസരവും മറ്റും വൃത്തിയായി സൂക്ഷിക്കുന്നത്, മറ്റു പൗരന്മാരുടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും ബഹുമാനിക്കുന്നത്, തുടങ്ങിയവ ഇതിന്റെയെല്ലാം, പ്രകടമായ ഭാവങ്ങളാണ്. രാജ്യദ്രോഹ കുറ്റങ്ങളിൽ നിന്നും മാറിനില്ക്കാനും എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണം നാം.

അതേസമയം പ്രവാചകതുല്യമായ ജാഗ്രതയും നിയമങ്ങളോടും, ഭരണകൂടങ്ങളോടും നാം പുലർത്തേണ്ടതുണ്ട്. അനീതിയുടെ നിയമങ്ങൾ,

പൗരന്മാരുടെ മൗലീകമായ അവകാശങ്ങളിന്മേലുള്ള കടന്നാക്രമണം, ദൈവീക നിയമങ്ങൾക്കെതിരെയുള്ള നിയമങ്ങൾ, ഇവിടെയെല്ലാം പ്രവാചകതീഷ്ണതയോടെ നിലകൊള്ളാനുള്ള നമ്മുടെ കടമ വിസ്മരിക്കാനാവില്ല. 1 പത്രോ. 2:13-17 ഇവിടെ നമുക്ക് ഒരു മാർഗ്ഗനിർദ്ദേശമാണ്.

**അവകാശങ്ങൾ നല്കുന്നതിലെ നീതികേടുകൾ:** "സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും" എന്നത് വിധിവാചകത്തെക്കാളുപരിയായി നമുക്കുള്ള ഓർമ്മപ്പെടുത്തലാണ്. അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ എല്ലാ കാലത്തും അരങ്ങേറുന്നുണ്ട്. വലുതും ചെറുതുമായ ഇത്തരം സമരങ്ങൾ എല്ലാ കാലത്തും അരങ്ങേറുന്നുണ്ട്. വലുതും ചെറുതുമായ ഇത്തരം സമരങ്ങൾ ഏറെ മാധ്യമശ്രദ്ധയും നേടുന്നുണ്ട്.

പൊതുസമൂഹത്തിന്റെ സവിശേഷ പരിഗണനയും പിടിച്ചുപറ്റുന്നുണ്ട്. പക്ഷേ, ഇത്തരം സമരങ്ങൾക്കൊന്നും സാധ്യതയില്ലാത്തതും അതേസമയം നമ്മുടെ പരിഗണന ആവശ്യപ്പെടുകയും ചെയ്യുന്ന വ്യക്തികൾ നമ്മുടെ തന്നെ കുടുംബത്തിലും ചുറ്റുപാടുമുണ്ട്. ഭാര്യക്ക് ആവശ്യമായ പരിഗണനയും സ്നേഹവും, ഭർത്താവിന് അവനർഹിക്കുന്ന ശുശ്രൂഷയും ബഹുമാനവും, മക്കൾക്ക് ആവശ്യമായ വാത്സല്യവും സമയവും, പ്രായമായവർക്ക് ലഭിക്കേണ്ട പരിചരണവും സ്നേഹവും ... ഇങ്ങനെ നീളുന്നു ആ വ്യക്തികൾ.

അതോടൊപ്പം തന്നെ ഇന്നത്തെ തലമുറയെ ഏറെ ശ്രദ്ധയോടെ പരിശീലിപ്പിക്കേണ്ട ഒന്നാണ് മുതിർന്നവർക്കും ബഹുമാന്യരായ വ്യക്തികൾക്കും നല്കേണ്ട ആദരവും പരിഗണനയും. സ്വന്തം 'privacy' യിലേയ്ക്ക് ഒതുങ്ങിക്കൂടാൻ ആഗ്രഹിക്കുന്ന പുതുതലമുറക്ക് ഇത്തരം പരിശീലനം ഇന്ന് കുടുംബങ്ങളിൽ അന്യമാകുന്നുണ്ട് എന്ന പ്രതീതിയാണ് ആനുകാലിക സംഭവങ്ങൾ തെളിയിക്കുന്നത്. അദ്ധ്യാപകരെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുക, മുതിർന്നവരെ അവമതിക്കുക, മാതാപിതാക്കളെ ധിക്കരിക്കുക... ഇതെല്ലാം ചില സൂചനകൾ മാത്രമാണ് - അർഹമായത് അപരന് നല്കാതെ എല്ലാം തന്റേതാക്കി മുദ്രവയ്ക്കുന്നതിന്റെ!

■

# ചിറകായി മുളയ്ക്കേണ്ട അഗ്നിയുടെ തുണ്ട്

മലയാളത്തിൽ ഏറ്റവും ജനപ്രീതി നേടിയ നോവലാണ് ബന്യാമിന്റെ 'ആടുജീവിതം'. നജീബ് എന്ന ഇടയനാണ് ആ കൃതിയിലെ നായകൻ. മരുഭൂമിയിൽ ഒരുപറ്റം ആടുകളെ മേയ്ക്കുക എന്ന ജോലിയാണ് ഏറെ പ്രതീക്ഷയോടെ ഗൾഫിലെത്തിയ നജീബിന് ലഭിച്ചത്. ഏറ്റവും വിരസമായ ഒരു ജോലിയായാണ് നജീബിന് അത് അനുഭവപ്പെട്ടത്. ഒരേ മുഖമുള്ള ഒരുകൂട്ടം ആടുകൾ! പിന്നെപ്പിന്നെ നജീബ് ഓരോ ആടിലും സത്ത കണ്ടെത്തിത്തുടങ്ങി. അൽപം ചെരിഞ്ഞു നടക്കുന്ന ആ ആടിനെ അവൻ മോഹൻലാൽ എന്ന് വിളിച്ചു. വിക്കിവിക്കി കരയുന്ന ആ ആടിനെ അവൻ ഇ.എം.എസ്. എന്ന് പേരിട്ടു വിളിച്ചു. കൂട്ടത്തിൽ വളരെ സുന്ദരിയായ ആ കുഞ്ഞാടിനെ തന്റെ ബാല്യകാലസഖി ഉമ്മുകുലുസു എന്ന് പേരിട്ടു. ഓരോ ആടിലും ഐഡന്റിറ്റി കണ്ടെത്തിയ നജീബിനെപ്പോലെയാകണം ഒരു കുടുംബകൂട്ടായ്മയിലെ നേതാക്കളും തങ്ങളുടെ അജഗണത്തിന്റെ അഭിരുചികൾ കണ്ടെത്തേണ്ടത്.

ഇന്ന് കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ അഭിരുചിയ്ക്കനുസൃതമായ പഠനമല്ല അവർക്ക് പിന്തുടരേണ്ടി വരുന്നത്. തങ്ങളുടെ മാതാപിതാക്കളുടെ സ്വപ്നങ്ങളുടെ ഭാരവണ്ടികളാണ് കുട്ടികൾ. എഞ്ചിനീയറിംഗ് പഠിതാക്കളുടെ സൂപ്പർ സാച്ചുറേഷൻ ഭൂമികയായി മാറിക്കഴിഞ്ഞു കേരളം. സാങ്കേതിക സർവ്വകലാശാലയുടെ ബി.ടെക് റിസൾട്ട് കേവലം പതിനേഴ് ശതമാനം മാത്രമാണെന്നോർക്കുക. മതപഠനം പോലും ഉപേക്ഷിച്ച് എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് മക്കളെ പറഞ്ഞുവിടുന്ന രക്ഷകർത്താക്കൾ ചില കണക്കുകൾ അറിയുന്നത് നല്ലതാരിയിരിക്കും. കഴിഞ്ഞ വർഷം എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം ഒരുലക്ഷത്തി നാൽപതിനായിരം. അതിൽ ഡിസ്ക്വാളിഫൈഡ് അഥവാ അയോഗ്യരാക്കപ്പെട്ടവരുടെ എണ്ണം നാൽപതിനായിരം. തൊള്ളായിരത്തി അറുപതിലാണ് പരീക്ഷ. കേവലം ഇരുപത് മാർക്ക് (ഇരുപത് ശതമാന

മല്ല) വാങ്ങിയാൽ യോഗ്യത നേടാം. ഈ നാമമാത്രമായ മാർക്ക് വരെ വാങ്ങാൻ കഴിവില്ലാത്ത മക്കൾ എന്തിന് എഞ്ചിനീയറിംഗ് പഠിക്കണം? സ്വാശ്രയ കോളേജുകൾ നടത്തുന്ന മുതലാളിമാർ മന്ത്രിയെ പോയി ക്കണ്ട് ഇപ്പോൾ ആ മാർക്ക് പൂജ്യമാക്കി മാറ്റിയെടുത്തു!

വിവാഹ ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ തോന്നാവുന്ന ഒന്നു രണ്ടു നിരീക്ഷണങ്ങൾ ഇങ്ങനെയാണ്. ചെറുക്കൻ കൊള്ളാം പെണ്ണ് അങ്ങ് പോര. നേരെ തിരിച്ചുമാകാം അഭിപ്രായം. ഇതേ രീതിയിലാണ് കുട്ടി കളുടെ കാര്യവും. മകൻ ഒരുപക്ഷെ മിടുക്കനാകാം; അവനുവേണ്ടി മാതാപിതാക്കൾ തെരഞ്ഞെടുക്കുന്ന കോഴ്സ് മോശമാകും. നേരെ തിരിച്ചും, കോഴ്സ് നന്നാകാം. പക്ഷെ കുട്ടി അത്രയ്ക്കങ്ങ് മിടുക്കനാ കണമെന്നില്ല. ചില കേസുകൾ മാത്രമാണ് Made for each other. മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം തന്റെ ആത്മകഥയായ Wings of Fire എന്ന പുസ്തകത്തിൽ പറയുന്നത് ഇങ്ങനെയാണ്: "ഓരോ കുഞ്ഞും ജനിച്ചു വീഴുന്നത് അഗ്നിയുടെ ഓരോ തുണ്ടുമായാണ്. അതിന് ചിറക് പിടിപ്പിക്കലാണ് രക്ഷാകർതൃത്വം".

എഡ്മണ്ട് എന്ന് ഒരു പതിമൂന്നു വയസുകാരൻ തന്റെ പിതാവുമൊരു മിച്ച് ഒരു ചിത്ര പ്രദർശനം കാണാൻ പോയി. ഒട്ടേറെ ചിത്രങ്ങൾ അവിടെ ആലേഖനം ചെയിതിട്ടുണ്ട്. അതിൽ ഒരു ചിത്രത്തിൽ മാത്രം ഒരു ചുമന്ന ഗുണന ചിഹ്നം രേഖപ്പെടുത്തിയിരിക്കുന്നു. 'ജാഗ്രത' എന്ന മുന്നറിയിപ്പായിരുന്നു അത്. എഡ്മണ്ട് പിതാവിനോട് ആ ചിത്രം എന്താ ണെന്ന് തിരക്കി. മകനെ അതാണ് എവറസ്റ്റ് കൊടുമുടി. അത് കീഴട ക്കാൻ ഒട്ടേറെപ്പേർ ശ്രമിച്ചു. 127 പേരുടെ ജീവൻ അപഹരിച്ച പ്രതിഭാ സമാണത്. ഇത് കേട്ടപ്പോൾ ആ കൊച്ചു പയ്യൻ അച്ഛന്റെ കൈ പിടിച്ചു കൊണ്ട് പറഞ്ഞു: യുവാവായ എഡ്മണ്ട് പലതവണ എവറസ്റ്റ് കീഴട ക്കാൻ ശ്രമിച്ചു. പരാജയപ്പെട്ടു. അപ്പോഴൊക്കെ അവൻ അച്ഛനോട് പറയും: എവറസ്റ്റിന് ഇനി വളർച്ചയില്ല; എഡ്മണ്ടിന് ഇനിയും വളർച്ച യുണ്ട്. അവസാനം ചരിത്രം അടയാളപ്പെടുത്തി: എഡ്മണ്ട് ഹില്ലാരി എവറസ്റ്റ് കീഴടക്കി. അതെ, അവന്റെ മനസിൽ അഗ്നിയുടെ ഒരു തുണ്ട് ഉണ്ടായിരുന്നു!

മാതാപിതാക്കളോട് വെളിപ്പെടുത്താൻ മടിക്കുന്ന ഈ അഭിരുചി കണ്ടെ ത്താൻ കുടുംബ കൂട്ടായ്മകളെ നയിക്കുന്ന ഇടയന്മാർക്കാകണം. രക്ഷ കർത്താക്കൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കാവു

# അച്ഛന്റെ മകൻ!

(യോഹ. 5:19- 24)

യോഹന്നാൻ സുവിശേഷത്തിന്റെ ആമുഖം (1:11–8) അവതരിപ്പിക്കുന്നത് പിതാവും പുത്രനായ യേശുവും തമ്മിലുള്ള ആഴമായ ബന്ധമാണ്. ഇത്തരം ബന്ധത്തെ പരാമർശിച്ചുകൊണ്ട് യേശു തന്നെ നടത്തുന്ന പരസ്യമായിട്ടുള്ള ആദ്യത്തെ പ്രബോധനമാണ് ഈ വചനഭാഗം. യേശുവിന്റെ വീക്ഷണത്തിൽ താൻ ചെയ്യുന്നതിന്റെയും പറയുന്നതിന്റെയും അടിസ്ഥാനവും അർത്ഥവും ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്.

## വ്യാഖ്യാനം

**പിതാവ് ചെയ്യുന്നത്... പുത്രൻ ചെയ്യുന്നു (19):** ദൈവത്തിന്റെ പുത്രൻ എന്ന രീതിയിൽ യേശു ചെയ്യുന്നതൊന്നും തന്റെ സ്വന്തം ഇഷ്ടപ്രകാരമല്ല എന്നാണ് യേശുവിന്റെ പക്ഷം. മറിച്ച് താൻ പിതാവിന് പൂർണ്ണമായി വിധേയനാണെന്നും അവിടത്തെ ഇഷ്ടമാണ് തന്റെ പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയും വെളിവാകുന്നതെന്നു

---

ന്നതല്ലേ? കനത്ത ഫീസുകൾ വാങ്ങുന്ന പല ന്യൂജെനറേഷൻ കോഴ്സുകളും തൊഴിൽ സാധ്യതയുള്ളവയാണോ? എം.ബി.ബി.എസ്–ന് ഒരു വർഷത്തെ ട്യൂഷൻ ഫീസ് അഞ്ചരലക്ഷം രൂപയാണ്. (സഭ നടത്തുന്ന സ്ഥാപനങ്ങളിൽ) പതിനൊന്ന് ലക്ഷം രൂപ വരെയാണ് മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ. അഞ്ചരവർഷത്തെ കോഴ്സാണ് മെഡിക്കൽ ബിരുദം. കേവലം എം.ബി.ബി.എസ്. പാസായിട്ട് ഒരു പ്രയോജനവുമില്ല. എ.ഡി.ക്കും പിന്നെ ഡി.എം.ക്കും പോകണം. എം.ഡി. മൂന്നു വർഷത്തെ കോഴ്സാണെന്ന് ഓർക്കുക. പതിനാല് ലക്ഷം രൂപ മുതൽ മുകളിലേയ്ക്കാണ് ഇതിന്റെ വാർഷിക ഫീസ്. പറഞ്ഞുവരുന്നത് രക്ഷകർത്താക്കൾക്ക് പുതിയ ലോകത്തിലേയ്ക്ക് അറിവ് പകർന്നു കൊടുക്കലാണ് നമ്മുടെ ഒരു പ്രധാന ഉത്തരവാദിത്തമെന്നാണ്.

■

മാണ് യേശു ഇവിടെ അർത്ഥമാക്കുക. തളർവാതരോഗിയോട് "നിന്റെ കിടക്കയുമെടുത്ത് പോവുക" (5:9) എന്ന ആജ്ഞ പോലും ഇത്തരത്തിൽ പിതാവിനോട് വിധേയനാകുന്നതിന്റെ അടിസ്ഥാനത്തിലാണ് നടന്നത്. ചുരുക്കത്തിൽ പിതാവിൽനിന്നും സ്വതന്ത്രനായി യേശു (പുത്രൻ) ഒന്നും ചെയ്യുന്നില്ല. ഇത് സാക്ഷ്യപ്പെടുത്തുന്നത് പിതാവും പുത്രനും തമ്മിൽ നിലനില്ക്കുന്ന ഗാഢമായ ഐക്യവും പുത്രന്റെ എളിമയും അനുസരണവുമാണ്.

യഹൂദവീക്ഷണത്തിൽ ഒരുവൻ യഥാർത്ഥ മകനാകുന്നത് തന്റെ പിതാവിന്റെ വാക്കുകളിലും പ്രവൃത്തിയിലും താദാത്മ്യം പ്രാപിക്കുമ്പോഴാണ്. അതിനാൽ യേശു ദൈവത്തിന്റെ പുത്രനാകണമെങ്കിൽ ഇത്തരത്തിലുള്ള താദാത്മ്യം ആവശ്യമാണ്. താൻ ദൈവപുത്രനാണെന്ന യേശുവിന്റെ വാദത്തിന്റെ അടിസ്ഥാനം ഈ താദാത്മ്യം തന്നെയാണ്.

പിതാവായ ദൈവത്തെപ്പറ്റിയുള്ള വലിയ ഒരു വെളിപാടാണ് യേശു ഇവിടെ നടത്തുന്നത്. സാധാരണയായി പിതാവായ ദൈവത്തെ വിധിക്കുന്നവനായും ശിക്ഷിക്കുന്നവനായും കോപിഷ്ഠനായുമാണ് പഴയനിയമം ചിത്രീകരിക്കുക. പുതിയ നിയമം ഇതിനു വിപരീതമായി യേശുവിനെ സ്നേഹവാനും കരുണാമയനായും ചിത്രീകരിക്കുന്നു. ഈ ചിത്രീകരണം നമ്മിൽ ചില തെറ്റിദ്ധാരണകൾ വരുത്തുന്നതിന് കാരണമായിട്ടുണ്ട്! ഈ വചനഭാഗത്ത് യേശു വ്യക്തമാക്കുകയാണ് യേശു ചെയ്യുന്ന പ്രവൃത്തികളെല്ലാം പിതാവിന്റെ പ്രവൃത്തികളുടെ പ്രതിഫലനം മാത്രമാണ്. അതായത്, പിതാവായ ദൈവം യഥാർത്ഥ സ്നേഹവും കരുണയുമാണ്."

## പിതാവിന്റെ പ്രവൃത്തികൾ പുത്രന്റേതും (21-23)

നിയമാവർത്തനം 18:20-22 പ്രതിപാദിക്കുന്നത് യഹോവയുടെ യഥാർത്ഥ പ്രവാചകനെ തിരിച്ചറിയുന്നതിനുള്ള മാനദണ്ഡങ്ങളാണ്. "ഒരു പ്രവാചകൻ കർത്താവിന്റെ നാമത്തിൽ സംസാരിച്ചിട്ട് അത് സംഭവിക്കാതിരിക്കുകയോ സഫലമാകാതിരിക്കുകയോ ചെയ്താൽ ആ വാക്ക് കർത്താവരുൾ ചെയ്തതല്ല... നീ അവനെ ഭയപ്പെടേണ്ട." ഈ വചനഭാഗത്തും യേശു ഇത്തരമൊരു പരീക്ഷണം തന്റെ കാര്യത്തിലും നടത്തുവാനാണ് തന്റെ വിമർശകരെ ക്ഷണിക്കുന്നത്.

യേശുവിന്റെ കാഴ്ചപ്പാടിൽ താൻ വെറും ഒരു പ്രവാചകനല്ല, മറിച്ച് ദൈവത്തിന്റെ പുത്രൻ തന്നെയാണ്.

യേശുവിന്റെ പ്രഖ്യാപനം, പിതാവ് ചെയ്യുന്നതുപോലെ മരിച്ചവർക്ക് ജീവൻ നല്കും എന്നുള്ളതാണ്. ഇത്തരം അത്ഭുതം അല്ലെങ്കിൽ വൻകാര്യം തന്നിലൂടെ നടക്കുന്നില്ലെങ്കിൽ നിയമ. 18:20-ൽ പറയുന്നതുപോലെ തന്നെ വധിച്ചുകൊള്ളൂ എന്നതാണ് യേശുവിന്റെ പക്ഷം. യഹൂദ കാഴ്ചപ്പാടിൽ മരിച്ചവരെ ഉയർപ്പിക്കുന്നത് ദൈവം മാത്രമാണ് (നിയമ. 32:39; 1 സാമു. 2:6; 2 രാജ. 5:7; തോബി 13:2; ജ്ഞാനം 16:13). ഇതനുസരിച്ച് യേശു മരിച്ചവരെ ഉയിർപ്പിച്ചാൽ അവനെയും ദൈവമായി കരുതേണ്ടിയിരിക്കുന്നു.

ലാസറിനെ ഉയിർപ്പിച്ചുകൊണ്ടാണ് (യോഹ. 11:38-44) യേശു തന്റെ അവകാശവാദം അടിവരയിട്ടുറപ്പിക്കുന്നത്. അങ്ങനെ താൻ യഥാർത്ഥ പ്രവാചകനാണെന്ന് ജനത്തെ ബോധ്യപ്പെടുത്തുന്നു. ഓർക്കുക, പ്രധാന പുരോഹിതനായ കയ്യാഫാസും സെൻഹ്രദ്രീനും യേശുവിനെ വധിക്കാൻ ഗൂഢാലോചന നടത്തുന്നത്, അവൻ ലാസറിനെ ഉയിർപ്പിച്ചതിന്റെ പശ്ചാത്തലത്തിലായിരുന്നു. യേശുവിന്റെ വിജയം ഉൾക്കൊള്ളാൻ അവർക്ക് സാധിക്കുന്നില്ല. ലാസറിനെ ഉയിർപ്പിക്കുന്ന സംഭവം അതിനാൽ തന്നെ യോഹന്നാന്റെ സുവിശേഷത്തിലെ നിർണ്ണായകമായ ഒരു സംഭവമാണ്.

യേശുവിനെ കുരിശുമരണത്തിനു വിധിക്കുന്നതിലൂടെ അവന്റെ ശത്രുക്കൾ യേശുവിന്റെ മിശിഹാത്വം വെളിപ്പെടുത്താൻ അവരറിയാതെ സഹായിക്കുകയാണ് ചെയ്യുക. പുനരുത്ഥാനത്തിലൂടെ താൻ ജീവന്റെയും മരണത്തിന്റെയും നാഥനാണെന്നും "പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽതന്നെ ജീവനുണ്ടെന്ന്" അവൻ തെളിയിച്ചു.

'വിധിക്കുക' എന്നതാണ് പുത്രൻ ചെയ്യുന്ന രണ്ടാമത്തെ പ്രവൃത്തി. യോഹ. 3:31-36 പ്രകാരം പുത്രന്റെ പ്രധാന ദൗത്യം വിശ്വസിക്കുന്നവർക്കെല്ലാം ജീവൻ നല്കുക എന്നതാണ്. പുത്രനിൽ വിശ്വസിക്കാത്തവർക്കാണ് ന്യായവിധിയുണ്ടാവുക- അതായത് അവർ ജീവനിലേക്കു പ്രവേശിക്കാതെ മരണാവസ്ഥയിൽ തന്നെ നിലനില്ക്കുന്നു. യുഗാന്ത്യോന്മുഖമായ (eschatological) ഒരു വീക്ഷണമാണ്

ഇവിടെ ആവർത്തിക്കുക. നിത്യജീവൻ, മരിച്ചവരുടെ ഉത്ഥാനം ഇവയെല്ലാം ഈ വീക്ഷണത്തിൽ നിന്നുമാണ് മനസ്സിലാക്കേണ്ടത്. ചുരുക്കത്തിൽ മരണവും വിധിയുമല്ല യേശു ലക്ഷ്യം വയ്ക്കുന്ന രണ്ട് വാഗ്ദാനങ്ങൾ, മറിച്ച് മരണത്തിലൂടെയുള്ള നിത്യജീവൻ!

## വിചിന്തനം

**അധികാരവും ആധികാരികതയും:** ക്രിസ്തുവിന്റെ അധികാരത്തിനും ആധികാരികതയ്ക്കും അടിസ്ഥാനം തന്റെ ദൈവപുത്രസ്ഥാനമാണ്. പിതാവിനെപ്പോലെ പുത്രനും എന്നത് നാട്ടുമൊഴിയായിരിക്കുന്ന കാലഘട്ടത്തിൽ പുത്രനെപ്പോലെയാണ് അദൃശ്യനായ ദൈവം എന്ന് വെളിപ്പെടുത്തുവാനാണ് യേശുവിന്റെ ശ്രമം.

യേശു എപ്രകാരമാണ് പിതാവായ ദൈവത്തെ പ്രകാശിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ വാക്കും പ്രവൃത്തിയുമാണ് ഇതിനാധാരം. പരമ്പരാഗതമായ ദൈവസങ്കല്പങ്ങളുടെ പൊളിച്ചെഴുത്ത് യേശു ആവശ്യപ്പെടുന്നു. അകലങ്ങളിലിരിക്കുന്ന അപരിമേയനായ ദൈവത്തിനുപകരം കൂടെ ആയിരിക്കുന്ന (ഇമ്മാനുവേൽ) യാഥാർത്ഥ്യമെന്ന് യേശു വെളിപ്പെടുത്തുന്നു. ആചാരങ്ങളും ശുദ്ധിനിയമങ്ങളും തീർത്ത അതിരുകളെ ഭേദിച്ച് മുന്നേറുന്ന യേശു ദൈവത്തിന്റെ വിമോചനഭാവം കാണിക്കുന്നു. കാർക്കശ്യങ്ങളും ആജ്ഞകളും നടത്തുന്ന ഉഗ്രപ്രതാപവാനായ ദൈവത്തിനുപകരം കേൾക്കുന്ന, ആശ്വസിപ്പിക്കുന്ന, കരയുന്ന, മാതൃഭാവത്തെ യേശു ആവിഷ്ക്കരിക്കുന്നു.

ചുരുക്കത്തിൽ പുത്രൻ പ്രതിനിദാനം ചെയ്യുന്ന ദൈവം പൂർണ്ണ വിമോചനവും വിമോചകനുമാണ്. ഈ ദൈവീകസത്തയാണ് ക്രിസ്തുവിലും സംഭവിക്കുന്നത്. ക്രിസ്തുവിന്റെ ഇത്തരം ഭാവത്തെ പ്രകാശിപ്പിക്കേണ്ടവരാണ് ക്രൈസ്തവർ. നമ്മിലൂടെ ദൈവം പ്രകാശിതനാകുന്നത് എപ്രകാരമാണ്? ക്രൈസ്തവികതയെ പ്രതിനിദാനം ചെയ്യുന്ന പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും എപ്രകാരമാണ് ഈ വിമോചനത്തിന്റെ സദ്വാർത്ത വിളംബരം ചെയ്യുന്നത്? നമ്മുടെ ഇടവകകൾ, കുടുംബയൂണിറ്റുകൾ ഇവയെല്ലാം ഇതിനുള്ള പരിശീലനവേദികളാണോ? ഇത്തരം ചോദ്യങ്ങൾ വിമർശകന്റേതോ, വിമതന്റേതോ അല്ല. മറിച്ച് ക്രിസ്തു സാന്നിദ്ധ്യം സജീവമാകുന്ന

മാനസങ്ങളുടെതാണ്!

## നാം ചെയ്യുന്ന വൻകാര്യങ്ങൾ

ഇടവകസമൂഹങ്ങളുടെയും, സഭാപ്രസ്ഥാനങ്ങളുടെയും, സംഘടനകളുടെയും, നേതൃത്വത്തിൽ ക്രൈസ്തവികതയുടെ ലേബലിൽ നാം ചെയ്യുന്ന "ജീവകാരുണ്യ പ്രവർത്തനങ്ങളും" 'വലിയ കാര്യങ്ങളും' വിമർശനാത്മകമായി വിലയിരുത്തപ്പെടേണ്ടതാണ്.

ആർഭാടമായി തിരുനാളുകൾ നടത്തുക, വലിയ പള്ളികൾ, ഗ്രോട്ടോകൾ, കപ്പേളകൾ നിർമ്മിക്കുക, ഊട്ടുനേർച്ചകൾ, കൺവൻഷനുകൾ സംഘടിപ്പിക്കുക എന്നിവയ്ക്കപ്പുറം ക്രിസ്തുശൈലിയിൽ അപരന് ജീവനും രക്ഷയും (വിമോചനം) നല്കുന്ന ഏതു പ്രവൃത്തികളാണ് നാം ചെയ്യുന്നത് എന്നത് പരിശോധനാ വിഷയമാണ്.

സ്വയം പ്രകാശിക്കുന്നതും അനേകർക്ക് സൗഖ്യമേകുന്നതുമായ വ്യക്തികളും ഇടവക സമൂഹങ്ങളുമാണ് ഇന്നാവശ്യം. ആത്മീയം, ശാരീരികം, മാനസികം എന്നീ തലങ്ങളിൽ സൗഖ്യവും ആശ്വാസവും മനുഷ്യനു നല്കാനുള്ള സമ്പൂർണ്ണ ഒറ്റമൂലിയാണ് ക്രിസ്തുമാർഗ്ഗം. അത് ജീവിക്കുവാൻ മനസ്സു കാണിക്കാത്ത ക്രൈസ്തവികത പൊതുജനത്തിന്റെ മുൻപിൽ വ്യത്യസ്തതകളൊന്നും ഇല്ലാത്ത വെറും 'സമുദായം' മാത്രമായി അവശേഷിക്കുന്നു.

വിപ്ലവകമായ ഒരു മുന്നേറ്റം നമ്മിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കന്നു. തിരുന്നാൾ വെടിക്കെട്ട് മാറ്റി വച്ച് എളിയവന് ഭവനം പണിയുന്ന ഇടവകസമൂഹം, കുടുംബയൂണിറ്റിലെ എളിയ ഫണ്ട് മരുന്നായും ലേപനമായും വിശക്കുന്നവന് വിശപ്പകറ്റാനുള്ള ഭക്ഷണമായും 'വക മാറ്റുന്ന' കൂട്ടായ്മകൾ ക്രിസ്തുശൈലിയിൽ ജീവനേകുന്നവരാണ്.

## വിധിയാളനായ ക്രിസ്തു

ജീവനേകുന്ന ക്രിസ്തുവിൽ സവിശേഷമായ ഉത്തരവാദിത്വമുണ്ട്-വിധിക്കുക! ജീവനേകുന്നതുകൊണ്ടു മാത്രമാണ് ഈ ഉത്തരവാദിത്വം അവനിൽ നിക്ഷിപ്തമായിരിക്കുന്നത്. ജീവനേകാൻ സാധിക്കാത്തവർക്ക് വിധിക്കാൻ അധികാരമില്ല എന്നു സ്പഷ്ടം.

അപരനുവേണ്ടി മുറിവേൽക്കുകയും അവർക്കു വിമോചന

# മർക്കടാ, നീയങ്ങ് മാറിക്കിടാശവം!

**"യേ**ശുവിന് ജനറൽ മാനേജരായി പ്രവർത്തിക്കാൻ കഴിയാത്ത ആശുപത്രികൾ നമുക്ക് അടച്ചു പൂട്ടാം" എന്ന് വേദശബ്ദകാരൻ ഈയിടെ ഒരു വാരികയിൽ എഴുതി. ക്രൈസ്തവ ദൈവശാസ്ത്രം സുശക്തമായ അടിത്തറ പാകിവളർത്തിയ നഴ്സിങ്ങ് മേഖല കേരളത്തിൽ പ്രതിസന്ധികൾക്കിടയിലമർന്ന് പ്രക്ഷോഭത്തിലൂടെയലയുന്ന ഈ സമയത്ത് ഈ കുറിപ്പിന് വല്ലാത്ത മൂർച്ചയുണ്ട്.

ചാതുർവർണ്യവും അജ്ഞതയും തലതിരിഞ്ഞ ധാർമികബോധവും സ്ത്രീയുടെ പിന്നോക്കാവസ്ഥയുമെല്ലാം ചേർന്ന് ഭാരതത്തിലെ ആരോഗ്യപരിചരണമേഖലയിൽ നൂറ്റാണ്ടുകളോളം തികഞ്ഞ ശൂന്യത സൃഷ്ടിച്ചിരുന്നു. സൂതികർമിണികൾ മാത്രമായിരുന്നു പറയത്തക്ക നഴ്സുമാർ. ഈ പശ്ചാത്തലത്തിൽ, ഭാരതത്തിലെ നഴ്സിങ്ങ് മേഖലയ്ക്കു തുടക്കം കുറിച്ചത് ക്രൈസ്തവസംസ്കാരമായിരുന്നു. 1664-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി മദ്രാസിൽ ആരംഭിച്ച മിലിറ്ററി ആശുപത്രിയിൽ നഴ്സിങ്ങ് ശുശ്രൂഷയ്ക്കായി സ്ത്രീജനങ്ങൾ എത്തിയത് ലണ്ടനിൽ നിന്നായിരുന്നു. നഴ്സിങ്ങിന്റെ ശാസ്ത്രീയ

---

വും രക്ഷയും പ്രദാനം ചെയ്യുന്നവർക്കു മാത്രമേ മറ്റുള്ളവരെ വിധിക്കാൻ അവകാശമുള്ളൂ. ഉത്തരവാദിത്വമില്ലാത്ത വിമർശനമാണ് ചുറ്റും നാം കാണുക. നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ ഇവയെല്ലാം നശീകരണവിമർശനത്തിന്റെ മുഖമില്ലാത്ത വ്യക്തികളെ ഒളിപ്പിക്കുന്ന ഇടമായി മാറിയിരിക്കുന്നു. ഇവരൊന്നും സാമൂഹിക നിർമിതിയിൽ ക്രിയാത്മകമായി പങ്കെടുക്കുന്നവരാകണമെന്നില്ല. ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു-യഥാർത്ഥ വിധി നടത്തുന്നവൻ അപരനു രക്ഷകൻ ആകുന്നവൻ മാത്രമാണ്. ഈ വെല്ലുവിളി നമ്മുടെ വിമർശനങ്ങളുടെയും വിധിന്യായങ്ങളുടെയും പുറകിൽ ഉണ്ടാകട്ടെ! ■

പരിശീലനത്തിനു തുടക്കം കുറിച്ച ഫ്ളോറൻസ് നൈറ്റിംഗേലിന്റെ സവിശേഷ ശ്രദ്ധയും പിന്തുണയും ഭാരതത്തിന്റെ നഴ്സിങ്ങ് പരിശീലനമേഖലയിലുണ്ടായിരുന്നെന്നത് പലർക്കും അറിഞ്ഞുകൂടാ. 1867-ൽ ഡൽഹി സെന്റ് സ്റ്റീഫൻസ് ഹോസ്പിറ്റലിൽ ഇന്ത്യൻ നഴ്സുമാരെ പരിശീലിപ്പിക്കാനുള്ള പ്രഥമകേന്ദ്രം ആരംഭിച്ചത് നൈറ്റിംഗേലിന്റെ ഒത്താശയോടുകൂടെയായിരുന്നു.

കേരളത്തിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. തിരുവനന്തപുരത്തും കൊല്ലത്തും സർക്കാർ ആശുപത്രികളിൽ ഇന്ന് ഹോളി ക്രോസ് കോൺവെന്റുകൾ ഉള്ളതിന്റെ ചരിത്രം ആരെങ്കിലും തിരഞ്ഞിട്ടുണ്ടോ? തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ മഹാരാജാവ് കൊട്ടാരം വൈദ്യനായ ഡോ. പുന്നൻ ലൂക്കോസിന്റെ അഭിപ്രായം മാനിച്ച് സ്വിറ്റ്സർലണ്ടിൽനിന്നുള്ള മിഷനറിയും കൊല്ലം മെത്രാനുമായിരുന്ന അലോഷ്യസ് മരിയ ബെൻഡിഗർ പിതാവിനെ ചെന്നു കണ്ട് അഭ്യർത്ഥിച്ചതിന്റെ ഫലമാണ് കേരളത്തിൽ ഇന്നു കാണുന്ന നഴ്സിങ്ങ് സമ്പ്രദായം. 1906-ൽ സ്വിറ്റ്സർലണ്ടിൽനിന്നു വന്ന ഹോളിക്രോസ് സിസ്റ്റേഴ്സിന്റെ ശുശ്രൂഷാ ചൈതന്യവും അർപ്പണമനോഭാവവും മലയാളിയുടെ കാഴ്ചപ്പാടുകളെ മാറ്റിമറിച്ചു. തിരുവനന്തപുരം ജനറലാശുപത്രിയോടുചേർന്നു സി. ഫ്രാൻസി, സി. കമില്ല, സി. പൗള എന്നിവരുടെ നേതൃത്വത്തിൽ സ്ഥാപിച്ച നഴ്സിങ്ങ് പരിശീലനകേന്ദ്രം മഹാവിജയമായി.

ആതുരസേവനം ക്രിസ്തുവിശ്വാസത്തോട് ഏറെ ചേർന്നുപോകുന്നതുകൊണ്ടുതന്നെയായിരിക്കണം നഴ്സുമാരിൽ ഏതാണ്ട് 80 ശതമാനത്തോളംപേരും ക്രൈസ്തവരായിരിക്കുന്നത്. യേശു നടത്തിയ നിരവധി രോഗശാന്തികളും നല്ല സമരിയാക്കാരനെക്കുറിച്ചുള്ള അവിടത്തെ ഉപമയും (ലൂക്കാ. 10:25-37) അന്ത്യവിധിയെക്കുറിച്ചുള്ള പ്രബോധനവുമെല്ലാം (മത്താ. 25:31-46) നഴ്സിങ്ങ് ശുശ്രൂഷയുടെ ക്രൈസ്തവാടിത്തറകൾ തന്നെ.

എന്നാൽ, 2013-ൽ ശമ്പളവർധനയ്ക്കായി മുദ്രാവാക്യം മുഴക്കാൻ നിർബന്ധിതരായ നൈറ്റിംഗേലിന്റെ പിൻഗാമികൾക്ക് 2017-ൽ വീണ്ടും പ്രക്ഷോഭത്തിലേക്കിറങ്ങേണ്ടി വന്നു. തങ്ങളുടെ ജീവിതച്ചെലവിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ. ഇവരുടെ കാര്യത്തിൽ ഇന്നത്തെ ക്രൈസ്തവ മാനവികതക്കാർ പുലർത്തുന്ന നിസ്സംഗതയുടെ യുക്തി തീരെ പിടികിട്ടുന്നില്ല. സമരക്കാരുടെ പൊള്ളുന്ന പ്രശ്നം

സർക്കാർ തിരിച്ചറിഞ്ഞതിനു പിന്നാലെ സഭയ്ക്കും കാര്യം പിടികിട്ടിയത്രേ! സർക്കാർ പറയുന്നതു കൊടുത്തുകളയും ഇനി നമ്മൾ!!!

നഴ്സുമാരുടെ സമരം പ്രതിസ്ഥാനത്തു നിറുത്തിയത് പ്രൈവറ്റു മാനേജുമെന്റുകളെയാണെങ്കിലും മുഖ്യപ്രതിസ്ഥാനത്തായിപ്പോയത് കത്തോലിക്കാസഭതന്നെയാണ്. സഭയുടെ ആരോഗ്യമേഖലയിൽ ഔദ്യോഗികസ്ഥാനങ്ങൾ വഹിക്കുന്ന വ്യക്തികളുടെ വീക്ഷണവൈകല്യവും ആർക്കോവേണ്ടിയുള്ള ചിലരുടെ കടുംപിടുത്തങ്ങളുമാണ് ഇത്തരം ഒരവസ്ഥ സംജാതമാക്കിയത് എന്നു നിരീക്ഷിക്കാതെ വയ്യാ.

അധികം വൈകാതെ പുറത്തുചാടാൻ പോകുന്ന അടുത്ത ഭൂതം അൺഎയ്ഡഡ് വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളാണ്. അപര്യാപ്തമായ ശമ്പളം നല്കിയും ഉയർന്ന അഡ്മിഷൻ ഫീസ് വാങ്ങിയും മുൻകൂർ സഹായം നിർബന്ധമായി സംഘടിപ്പിച്ചുമെല്ലാം നമ്മിൽ ചിലരെല്ലാം ഈ മേഖലയെ പുകഞ്ഞുകൊണ്ടിരിക്കുന്ന അഗ്നിപർവതസമാനമാക്കി മാറ്റിയിരിക്കുകയാണ്.

മിഷനറിമാർ ഇവിടെ ആതുരസേവനവും വിദ്യാഭ്യാസവുമെല്ലാം തുടങ്ങിവച്ചത് ക്രിസ്തുവിനെ പകർന്നു നല്കാനുള്ള മാർഗങ്ങളായിട്ടായിരുന്നു. ഇന്നാകട്ടെ, സുവിശേഷപ്രഘോഷണമെന്ന ലക്ഷ്യത്തിനു വിഘാതം സൃഷ്ടിക്കുംവിധം പല ക്രൈസ്തവസ്ഥാപനങ്ങളും അധഃപതിച്ചിരിക്കുന്നു. മിഷൻ മറന്ന ഈ സ്ഥാപനങ്ങൾ ഇനിയും നമുക്കു വേണോ? കേരള സമൂഹത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും സ്മാർട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകാൻ ഇപ്പോൾ സഭയുടെ ആവശ്യമുണ്ടോ?

ക്രിസ്തുവിനെ ഫലപ്രദമായി പ്രഘോഷിക്കാൻ സഹായകമല്ലാത്തതോ പ്രതിസാക്ഷ്യകാരണമായിത്തീരുന്നതോ ആയ മേഖലകൾ ഒഴിവാക്കി കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും ആത്മാവിന്റെ സ്വതന്ത്രവഴികൾ തിരിച്ചറിഞ്ഞും സർഗാത്മകത തുരുമ്പെടുക്കാനനുവദിക്കാതെ മിഷന്റെ ബദൽ മാർഗങ്ങൾ തേടാനുള്ള വിവേകമാണ് ഇന്നു നമുക്കു വേണ്ടത്. ദൈവരാജ്യപ്രഘോഷണവഴിക്കു വിഘാതം സൃഷ്ടിക്കുന്നവരോട് പറയാനുള്ളത് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ ഇനിയും നാം എന്തിനു മടിക്കുന്നു?

■



## ബുക്കർ ടി. വാഷിംഗ്ടൺ

അടിമയായിട്ടായിരുന്നു ബുക്കർ ടി. വാഷിംഗ്ടന്റെ ജനനം. 1865-ൽ അമേരിക്കയിലെ അടിമകൾക്കു പ്രസിഡന്റ് ഏബ്രാഹം ലിങ്കൺ സ്വാതന്ത്ര്യം നല്കിയപ്പോൾ വാഷിംഗ്ടണും സ്വാതന്ത്ര്യം ലഭിച്ചു. സ്കൂളിൽ പോകുവാൻ കഴിയാതെ ഉപജീവനത്തിനുവേണ്ടി ജോലി ചെയ്യേണ്ട അവസ്ഥയിലായിരുന്നു അദ്ദേഹം. വെസ്റ്റ് ഓവർ ജീനിയായിലെ ഒരു ഉപ്പ് ഖനിയിൽ ജോലി തുടങ്ങിയ വാഷിംഗ്ടൺ അതിനിടയിൽ പഠിക്കുന്നതിനും സമയം കണ്ടെത്തി. പിന്നീട്, വെർജീനിയ സംസ്ഥാനത്തു മടങ്ങിയെത്തി അവിടെയുള്ള ഹാംപ്റ്റൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം തുടർന്നു. പഠനം പൂർത്തിയായ ഉടനെ വാഷിംഗ്ടൺ അവിടെത്തന്നെ അധ്യാപകനായി. പിന്നീട് 1881-ൽ കറുത്ത വംശജരുടെ വിദ്യാഭ്യാസത്തിനുവേണ്ടി അലബാമയിൽ അദ്ദേഹം ടസ്കീഗി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഈ സ്ഥാപനമാണ് പിൽക്കാലത്ത് ടസ്കീഗി, സർവ്വകലാശാലയായി മാറിയത്. അമേരിക്കയിലെ കറുത്ത വംശജരുടെ ഉന്നമനത്തിനുവേണ്ടി ഏറെ പാടുപെട്ട വാഷിംഗ്ടൺ 1890 മുതൽ 1915-ൽ മരിക്കുന്നതുവരെ അവരുടെ അനിഷേധ്യ നേതാവായിരുന്നു.

വാഷിംഗ്ടൺ ടസ്കീഗി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായിരുന്ന അവസരത്തിൽ വഴിയിലൂടെ നടന്നുപോകുമ്പോൾ ഒരു വെള്ളക്കാരി സ്ത്രീ കുറെ വിറക് വെട്ടി കൊടുക്കുവാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. ഷർട്ടിന്റെ കൈ മടക്കിവച്ച് കോടാലി എടുത്ത് അദ്ദേഹം വിറക് വെട്ടി ആ സ്ത്രീ കാണിച്ചുകൊടുത്ത സ്ഥലത്ത് അടുക്കി വച്ചു. അതിനുശേഷം പ്രതിഫലം വാങ്ങാതെ സ്ഥലം വിട്ടു. ഇതു കാണാനിടയായ ഒരു പെൺകുട്ടി അദ്ദേഹത്തെ തിരിച്ചറിഞ്ഞിരുന്നു. താൻ ആരെക്കൊണ്ടാണ് ജോലി ചെയ്യിപ്പിച്ചതെന്നു മനസ്സിലാക്കിയ ആ സ്ത്രീ പിറ്റേദിവസം തന്നെ വാഷിംഗ്ടണിന്റെ ഓഫീസിലെത്തി മാപ്പു പറഞ്ഞു. അപ്പോൾ മറുപടിയായി അദ്ദേഹം പറഞ്ഞു: "മാപ്പു പറയേണ്ട ഒരു കാര്യവുമില്ല,. കായികാധ്വാനം എനിക്കിഷ്ടമാണ്. മാത്രമല്ല, ഒരു സുഹൃത്തിനെ സഹായിക്കാനായതിൽ എനിക്കു സന്തോഷമേ ഉള്ളൂ."

“അത്യുന്നതന്റെ
സംരക്ഷണത്തിൽ
വസിക്കുന്നവനും, സർവ്വശക്തന്റെ
തണലിൽ കഴിയുന്നവനും
കർത്താവിനോട്
എന്റെ സങ്കേതവും,
എന്റെ കോട്ടയും ഞാൻ
ആശ്രയിക്കുന്ന എന്റെ ദൈവവും
എന്നു പറയും.”
(സങ്കീർത്തനം 91:1–2)